**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 356** **08-06-2021 - ൽ മറുപടിയ്ക്ക്**

**ഇ-ട്രഷറി സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലുള്ള ഇ-ട്രഷറി സംവിധാനം സർവ്വർ പ്രശ്നം മൂലം പലപ്പോഴും തടസ്സപ്പെടുന്നത് പതിവായതിനാൽ ഇതിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഇതിനെ ഒരു മികവുറ്റ ഓൺലൈൻ പോർട്ടലാക്കി മാറ്റുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) | 2013 ൽ ആരംഭിച്ച ഇ-ട്രഷറി സംവിധാനം നടപ്പിൽ വരുത്തുന്നതിനായി സ്ഥാപിച്ച സെൻട്രൽ സർവ്വറിന്റെ കാലപ്പഴക്കം മൂലമാണ് ഇ-ട്രഷറി സേവനങ്ങൾ ഇടയ്ക്ക് തടസ്സപ്പെട്ടു കൊണ്ടിരുന്നത്. ഇത് പരിഹരിക്കുന്നതിനായി ഉയർന്ന ശേഷിയുള്ള പുതിയ സർവ്വർ ഈ കഴിഞ്ഞ മെയ് മാസത്തിൽ തന്നെ സ്ഥാപിച്ചു കഴിഞ്ഞു. ആയതിനാൽ ട്രഷറി സേവനങ്ങൾ നിലവിൽ സുഗമമായി ലഭിച്ചു വരുന്നുണ്ട്. ഉയർന്ന ശേഷിയുള്ള പുതിയ സർവ്വർ സ്ഥാപിച്ചതോടുകൂടി ഇ-ട്രഷറി മികവുറ്റ ഒരു ഓൺലൈൻ പോർട്ടലായി മാറുന്നതാണ്. |
| (ബി) | കേരളത്തിലെ മുഴുവൻ സർക്കാർ സേവനങ്ങൾക്കും ഫീസ് എടുക്കുവാൻ സാധ്യമാകുന്ന തരത്തിൽ ഒരൊറ്റ ഓൺലൈൻ പോർട്ടൽ എന്ന നിലയിൽ ഇ-ട്രഷറി സംവിധാനത്തെ മാറ്റാൻ കഴിയുമോയെന്ന് വെളിപ്പെടുത്തുമോ? | (ബി) | കേരള സർക്കാരിലേയ്ക്ക് ഉള്ള എല്ലാ റവന്യൂ വരുമാനങ്ങളും സ്വീകരിക്കുന്നതിനുള്ള സൗകര്യം നിലവിൽ ഇ-ട്രഷറിയിൽ ഉണ്ട്. മറ്റു വകുപ്പുകളുടെ ഓൺലൈൻ സൈറ്റുകളും ആയി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള സൗകര്യവും ഇ-ട്രഷറിയിൽ ഉണ്ട്. കൂടാതെ, ആധുനികമായ എല്ലാ പണമിടപാട് സൗകര്യങ്ങളും ഇ-ട്രഷറിയിൽ ലഭ്യമാണ്. ഇക്കാരണങ്ങളാൽ കേരള സർക്കാരിന്റെ എല്ലാ സേവനങ്ങൾക്കും ഫീസ് ഒടുക്കുവാൻ സാധ്യമാകുന്ന തരത്തിൽ ഒരൊറ്റ സംവിധാനമായി ഇ-ട്രഷറിയ്ക്ക് പ്രവർത്തികാനാകുന്നതാണ്. |

സെക്ഷൻ ഓഫീസർ